കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സർക്കാർ സംഗീത കോളേജുകൾ - പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റവും നിയമനവും നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്

സ.ഉ.(സാധാ) നം.1639/2018/ഉ.വി.വ തീയതി,തിരുവനന്തപുരം, 03/09/2018

---

പരാമർശം:- 1 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 2.7.2018-ലെ ബി1/11369/2017/കോ.വി.വ നമ്പർ കത്ത്.

2 ജി.ഒ.(പി) നം.20/2018/ഉ.വി.വ തീയതി 20.7.2018.

3 ജി.ഒ.(ആർ.ടി) നം.1498/2018/ഉ.വി.വ തീയതി 2.8.2018.

## ഉത്തരവ്

തൃപ്പൂണിത്തുറ ആർ.എൽ.വി.മ്യൂസിക് & ഫൈൻ് ആർട് സ് കോളേജിലെ പ്രിൻസിപ്പൽ തസ്തികയിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് തിരുവനന്തപുരം ശ്രീ സ്വാതിതിരുനാൾ സർക്കാർ സംഗീത കോളേജിലെ പ്രിൻസിപ്പലായ ശ്രീമതി.സുശീല സി.ജെ-യെ മാറ്റി നിയമിക്കുന്നതിനും, പ്രസ്തുത ഒഴിവിലേക്ക് പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുമുള്ള നിർദ്ദേശം പരാമർശം (2) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.സുശീല സി.ജെ-യെ തൃപ്പൂണിത്തുറ ആർ.എൽ.വി.മ്യൂസിക് & ഫൈൻ് ആർട് സ് കോളേജിലെ പ്രിൻസിപ്പലായി നിയമിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ പുറപ്പെടുവിച്ചിരുന്നു.

2)മേൽ വിവരിച്ച സാഹചര്യത്തിൽ, തിരുവനന്തപുരം ശ്രീസ്വാതിതിരുനാൾ സർക്കാർ സംഗീത കോളേജിലെ വയലിൻ വിഭാഗം പ്രൊഫസർ ശ്രീ. ആർ.ഹരികൃഷ്ണന് പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് (77400-115200 രൂപ ശമ്പള സ്കെയിലിൽ) സ്ഥാനക്കയറ്റം നൽകി പ്രസ്തുത കോളേജിൽ പരാമർശം (3) പ്രകാരം നിലവിൽ വന്ന ഒഴിവിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ.ജയിംസ് രാജ്

അഡീഷണല് സെക്രട്ടറി

പകർപ്പ്

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം

ശ്രീ. ആർ ഹരികൃഷ്ണൻ, വയലിൻ വിഭാഗം പ്രൊഫസർ ,ശ്രീസ്വാതിതിരുനാൾ സർക്കാർ സംഗീത കോളേജ്,തിരുവനന്തപുരം

പ്രിൻസിപ്പൽ, ശ്രീസ്വാതിതിരുനാൾ സർക്കാർ സംഗീത കോളേജ്,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ ,തിരുവനന്തപുരം

ഇൻ ഫർ മേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (ഔദ്യോഗിക വെബ് സൈറ്റിൽ

പ്രസിദ്ധപ്പെടുത്തുന്നതിലേക്കായി)

www.highereducation.kerala.gov.in

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഉന്നത വിദ്യാഭ്യാസ (എ,ബി&സി)വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ

മേലെഴുത്ത് നമ്പർ ബി 1/11369/2017/കോ.വി.വ, തീയതി 11.09.2018

ബന്ധപ്പെട്ട വ്യക്തികളുടെ അറിവിലേക്കായി ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തരം പ്രസിദ്ധപ്പെടുത്തുന്നു.

ഒപ്പ്/-
റ്റി.രമേഷ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.എം.12.09.2018

DCE. circular.